**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം- - കാസർഗോഡ് ജില്ല-പനത്തടി ഗ്രാമപഞ്ചായത്ത്-2014-15 വർഷത്തെ ഐ.എ.വൈ പദ്ധതിയിലെ ക്രമക്കേട്-വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.എ.കൃഷ്ണരാജിനെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇആർബി) വകുപ്പ്

സ.ഉ (സാധാ) നമ്പർ.891 /2017/തസ്വഭവ, തിരുവനന്തപുരം, തീയതി, 27.3.2017

---

പരാമർശം :1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 11/03/2015 - തീയതിയിലെ ഇ 14-6311/2015 നമ്പർ കത്ത്.

2. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.എ.കൃഷ്ണരാജിന് സർക്കാരിൽ നിന്നും 31/03/2016 തീയതിയിൽ നൽകിയ കുറ്റപത്രവും,കുറ്റാരോപണ പത്രികയും.

3. 18/05/2016 തീയതിയിൽ ശ്രീ.എ.കൃഷ്ണരാജ് സമർപ്പിച്ച പ്രതിവാദപത്രിക

4. ഗ്രാമവികസന കമ്മീഷണറുടെ 22.11.2016 തീയതിയിലെ 6373/എസ്റ്റാ.4/ 2016/സി.ആ.ർ.ഡി നമ്പർ കത്ത്.

**ഉത്തരവ്**

കാസർഗോഡ് ജില്ലയിലെ പരപ്പ ബ്ലോക്കിൽ ഉൾപ്പെട്ട പനത്തടി ഗ്രാമപഞ്ചായത്തിൽ 2014-15 വർഷം നടപ്പിലാക്കിയ ഇന്ദിരാ ആവാസ് യോജന ഭവന പദ്ധതിയുമായി ബന്ധപ്പെട്ട ക്രമക്കേടുകളെ തുടർന്ന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കാസർഗോഡ് യൂണിറ്റ് ഗ്രാമപഞ്ചായത്ത് ഓഫീസിൽ മിന്നൽ പരിശോധന നടത്തുകയും പരാമർശം (1) പ്രകാരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ മേൽക്രമക്കേടുകളുമായി ബന്ധപ്പെട്ട് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.എ.കൃഷ്ണരാജിന് പരാമർശം (2) പ്രകാരം കുറ്റപത്രവും കുറ്റാരോപണപത്രികയും നൽകി.ടി കുറ്റപത്രത്തിനെതിരെ പരാമർശം (3) പ്രകാരം ടിയാൻ പ്രതിവാദപത്രിക സമർപ്പിച്ചു. ടിയാൻ സമർപ്പിച്ച പ്രതിവാദപത്രികയിൽ, ഇന്ദിരാ ആവാസ് യോജന ഭവന നിർമ്മാണത്തിനു വേണ്ടിയുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഗ്രാമസഭയാണെന്നും 26/08/2014 ന നടന്ന 1-ാം വാർഡ് ഗ്രാമസഭ അംഗീകരിച്ചതും പനത്തടി ഗ്രാമപഞ്ചായത്തിന്റെ 10/11/2014 ലെ 143/14 ഉം പരപ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 19/11/2014 ലെ3(1) നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചതുമായ ഗുണഭോക്തൃ ലിസ്റ്റ് പനത്തടി ബ്ലോക്ക് ഓഫീസിൽ നിന്നും തനിക്ക് ലഭിക്കുകയും അത്പ്രകാരം താൻ അന്വേഷണം നടത്തുകയും കുറ്റാരോപണപത്രികയിൽ പറയുന്ന ശ്രീമതി.ലതാകുമാരി എന്നവർ പ്രസ്തുത ആനുകൂല്യത്തിന് അർഹയാണെന്ന് ബോധ്യപ്പെടുകയും ചെയ്തതിനാലാണ് ടിയാളെ മുൻഗണനാലിസ്റ്റിൽ ഉൾപ്പെടുത്തിയതെന്നും ടിയാൻ മറുപടി നൽകിയിട്ടുണ്ട്. പനത്തടി ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച ഇന്ദിരാ ആവാസ് യോജന ജനറൽ വിഭാഗം മെയിൻ ലിസ്റ്റിൽ 17 പേരും വെയിറ്റിംഗ് ലിസ്റ്റിൽ 8 പേരുമാണുണ്ടായിരുന്നതെന്നും ഇതിൽ മെയിൻ ലിസ്റ്റിൽപ്പെട്ട 15

പേർ എഗ്രിമെന്റ് വയ്ക്കുകയും മെയിൽ ലിസ്റ്റിലെ 13-ാം നമ്പർകാരിയായ എം.എസ്. രമാദേവി വീട് ഇപ്പോൾ ആവശ്യമില്ലെന്ന് രേഖാമൂലം അറിയിക്കുകയും 14-ാം നമ്പർകാരി ശ്രീമതി.ശശികല എഗ്രിമെന്റ് വെക്കുവാൻ തയ്യാറാകാത്തതിനാലുമായിരുന്നു വെയിറ്റിംഗ് ലിസ്റ്റിൽ ഉൾപ്പെട്ട 1-ാം നമ്പർകാരിയെ കൊണ്ട് എഗ്രിമെന്റ് വെയ്പ്പിച്ചിരുന്നതെന്നും ടിയാൻ അറിയിച്ചു. കുറ്റാരോപണ പത്രികയിൽ പറയും പ്രകാരം യാതൊരുക്രമക്കേടും നടത്തിയിട്ടില്ലെന്നും തന്നെ കുറ്റവിമുക്തനാക്കണമെന്നും ശ്രീ.എ.കൃഷ്ണരാജ് അപേക്ഷിച്ചിരുന്നു.

ശ്രീ.എ.കൃഷ്ണരാജിന്റെ പ്രതിവാദപത്രികയിന്മേൽ പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. 26/08/2014 ന് നടന്ന 1-ാം വാർഡ് ഗ്രാമസഭയും, ഗ്രാമ-ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതികളും നിയമപരമായി അംഗീകരിച്ച ഗുണഭോക്തൃപട്ടികയിൽ അപാകത കണ്ടെത്തുന്നതിന് കഴിഞ്ഞിട്ടില്ലെന്നും കുറ്റപത്രത്തിൽ സൂചിപ്പിച്ച പ്രകാരം ഭവന നിർമ്മാണത്തിനുള്ള ധനസഹായം അനുവദിച്ചതിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എന്ന നിലയിൽ ശ്രീ.എ.കൃഷ്ണരാജ് വ്യക്തിപരമായ താല്പര്യമോ ഇടപെടലോ നടത്തിയിട്ടില്ലെന്നും അതിനാൽ ടിയാനെതിരെ നടപടികൾ സ്വീകരിക്കേണ്ടതില്ലെന്നും ഗ്രാമവികസന കമ്മീഷണർ അഭിപ്രായപ്പെട്ടു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പനത്തടി ഗ്രാമപഞ്ചായത്തിൽ 2014-15 വർഷം നടപ്പിലാക്കിയ ഇന്ദിരാ ആവാസ് യോജനഭവന പദ്ധതിയിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.എ.കൃഷ്ണരാജ് വീഴ്ചവരുത്തിയിട്ടില്ലെന്ന് ബോധ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ ടിയാനെതിരെ സ്വീകരിച്ചിട്ടുള്ള അച്ചടക്ക നടപടിയിൽ നിന്നും ടിയാനെ കുറ്റവിമുക്തനാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എ.ഷാജഹാൻ.ഐ.എ.എസ്
സെക്രട്ടറി

ശ്രീ.എ.കൃഷ്ണരാജ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പനത്തടി ഗ്രാമപഞ്ചായത്ത്
(ഗ്രാമവികസന കമ്മീഷണർ, മുഖാന്തിരം)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് & ജനറൽ (ആഡിറ്റ്), കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, കോഴിക്കോട്
വിജിലൻസ് വകുപ്പ് (vide letter No. 3574/D1/2015/vig dated 02/05/2015.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് ( web & Newmedia)
ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ